കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(ബിപി.1)1752/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ – 680 020

e-mail.id :dotsr.ksad@kerala.gov.in

ഫോൺ: 0487 2331249

തീയതി : 11.12.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(ബിപി.1)1752/2017 തിയതി: 11.12.2017

## തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 1.4.16 മുതൽ 31.3.17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.3.17 വരെയുള്ള വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഇ.ആർ.ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.17 മുതൽ 22.11.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാബു.പി.എസ്, ഓഡിറ്റ് ഓഫീസർ |
| | കെ.എം.ഷാജിത, അസി.ഓഡിറ്റ് ഓഫീസർ |
| | ഐ.കന്തസ്വാമി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.വി.തങ്കമ്മ | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.വി.ജെ.ജോസഫ് | 1.4.16 മുതൽ 27.7.16 FN വരെ |
| | ശ്രീ.സദാശിവൻ.എ.ഡി | 27.7.16 A.N മുതൽ 20.11.16 വരെ |

| | | |
|---|---|---|
| | ശ്രീമതി.ലത.എ.സി | 21.11.16 മുതൽ 19.12.16 വരെ |
| | ശ്രീ.പി.ടി.ഉണ്ണി | 20.12.16 മുതൽ 31.3.17 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| ശിശു വികസന ഓഫീസർ | ശ്രീമതി.എ.സരസ്വതി | 1.4.16 മുതൽ 31.3.17വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി.അജിത.കെ.എൻ | 1.4.16 മുതൽ 23.6.16വരെ |
| | ശ്രീ.സുനിൽകുമാർ.എച്ച് | 24.6.16 മുതൽ 22.2.17 വരെ |
| | ശ്രീമതി.അജിത.കെ.എൻ | 23.2.17 മുതൽ 2.3.17 വരെ |
| | ശ്രീ.രാജു.പി.എ | 3.3.17 മുതൽ 31.3.17 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.എം.കെ.സജീവ് | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ സൂപ്രണ്ട്, സി.എച്ച്.സി, വാടാനപ്പള്ളി | ഡോ.പ്രദീപ്കുമാർ | 1.4.16 മുതൽ 31.3.17വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.മണികണ്ഠൻ.കെ | 1.4.16 മുതൽ 31.3.17വരെ |
| ബ്ലോക്ക് ക്ഷീരവികസന ഓഫീസർ | ശ്രീമതി.ഗിരിജ.ആർ | 1.4.16 മുതൽ 31.3.17 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.സി.ജെ.സോജി | 1.4.16 മുതൽ 31.3.17വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.മിനിനായർ | 1.4.16 മുതൽ 23.8.16വരെ |
| | ശ്രീ.ജോസഫ്.(ചാർജ്) | 24.8.16 മുതൽ 31.8.16 വരെ |
| | ശ്രീമതി.മിനി.കെ | 1.9.16 മുതൽ 5.3.17വരെ |
| | ശ്രീ.ജോസഫ് | 6.3.17 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.പ്രമീളാറാണി.ടി.എം | 1.4.16 മുതൽ 9.9.16 FN വരെ |
| | ഡോ.വാസുദേവൻ | 9.9.16 AN മുതൽ 31.3.17 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം 2 | | |
| 11 | പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക-രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 2-1 |
| 12 | ടെണ്ടർ ഫോമിന്റെ വില ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായില്ല | 2-2 |
| ഭാഗം 3 | | |
| 13 | ഐ.എ.വൈ അക്കൗണ്ടുകളിൽ കോടികൾ നീക്കിയിരിപ്പ്-പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് 468 ഭവനങ്ങൾ | 3-1 |
| 14 | ഐ.എ.വൈ ഗ്രാമ /ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം-അക്കൗണ്ടിലെ നീക്കിയിരിപ്പിന് കൃത്യമായ കണക്കുകളില്ല. | 3-2 |
| 15 | പി.എം.എ.വൈ -ആദ്യഗഡു കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണത്തിന്റെ തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല | 3-3 |

| | | |
|---|---|---|
| 16 | ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി- അപാകതകൾ | 3-4 |
| 17 | ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചു | 3-5 |
| 18 | പട്ടികജാതി ഭവന പുനരുദ്ധാരണം- അപാകതകൾ | 3-6 |
| 19 | പട്ടികവർഗ്ഗ ഭവന പുനരുദ്ധാരണം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-7 |
| 20 | സാക്ഷരതാ (തുല്യത ) പഠനം-പഠിതാക്കളുടെ ഫീസ് നൽകൽ- രേഖകൾ ലഭ്യമല്ല | 3-8 |
| 21 | സൈഡ് വീലോടുകൂടിയ സ്കൂട്ടർ- ഗുണഭോക്താക്കളുടെ ലൈസൻസുകൾ ഹാജരാക്കിയില്ല. | 3-9 |
| 22 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ- അപാകതകൾ | 3-10 |
| 23 | ബഡ്സ് റിഹാബിലിറ്റേഷൻ തൊഴിൽ പരിശീലകർക്ക് ഹോണറേറിയം-സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്റ്റ് ഏറ്റെടുത്തു | 3-11 |
| 24 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-മൂല്യനിർണ്ണയം നടത്താതെ തന്നെ മുഴുവൻ തുകയും അനുവദിച്ചു. | 3-12 |
| 25 | പ്രീമെട്രിക് ഹോസ്റ്റലുകളിലെ ലൈബ്രറി ശക്തിപ്പെടുത്തൽ,രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു. | 3-13 |
| 26 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ- ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ല | 3-14 |
| 27 | സർക്കാർ സ്കൂളിൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല | 3-15 |
| 28 | അഡ്വാൻസുകൾ നാളിതു വരെ ക്രമീകരിച്ചിട്ടില്ല | 3-16 |
| 29 | പെയിൻ & പാലിയേറ്റിവ് കെയർ- മരുന്നു വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-17 |

| | | |
|---|---|---|
| 30 | 2016-17 ൽ ബ്ലോക്ക്പഞ്ചായത്ത് 2 കോടി 41 ലക്ഷം രൂപ ലാപ്സാക്കി | 3-18 |
| 31 | പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗം | 3-19 |
| 32 | മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ഇൻസിനറേറ്റർ സ്ഥാപിച്ചു | 3-20 |
| 33 | പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തി | 3-21 |
| ഭാഗം 4 | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 5.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിതവരവ് 1064144000/- രൂപയും പ്രതീക്ഷിതചെലവ് 1063994000/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.17 | 18.7.17 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷികധനകാര്യപത്രികയുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നാളിതുവരെ ആർജ്ജിച്ച ആസ്തികൾ തിട്ടപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വാർഷികകണക്ക് പ്രകാരം വാടക ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 3600 രൂപ വരവുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഒരു കടമുറിയും കാന്റീൻ നടത്താനായി ഒരു കെട്ടിടവും വാടകക്ക് നൽകിവരുന്നുണ്ട്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. വാർഷികകണക്കിലെ ബി-15 ഷെഡ്യൂൾ പ്രകാരം തൻവർഷം പിരിഞ്ഞുകിട്ടാനുള്ള വാടക കുടിശ്ശികയും മുൻവർഷത്തെ പിരിഞ്ഞുകിട്ടാനുള്ള വാടക കുടിശ്ശികയും -900 രൂപ വീതമാണ്.

3. പൊതുമരാമത്ത് പ്രവൃത്തികളിൽ തൻവർഷം പാർട്ട് ബില്ലുകൾ നൽകിയിട്ടില്ലെങ്കിലും ബി-11(a) ഷെഡ്യൂൾ പ്രകാരം 2044869 രൂപ കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി കാണിച്ചിട്ടുണ്ട്.

4. ഫാർമേഴ്സ് സർവ്വീസ് കോഓപ്പറേറീവ് ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക് -ടി.എസ്.സി ഫണ്ട്, പഞ്ചാബ് നാഷണൽ ബാങ്ക് -സ്റ്റേറ്റ് ഷെയർ എന്നീ അക്കൗണ്ടുകളുടെ പ്രതിമാസ, വാർഷിക റീക്കൺസിലിയേഷനുകൾ തയ്യാറാക്കിയിട്ടില്ല.

5. ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ പേരിലുള്ള ബാങ്ക് ഓഫ് ഇൻഡ്യ(എം.പി.ഫണ്ട്) അക്കൗണ്ട് തെറ്റായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. വാർഷികകണക്കിലെ ബി-4, ഷെഡ്യൂൾ പ്രകാരം സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന ഇനത്തിൽ 2500 രൂപയും ഡെവലപ്പ്മെന്റ് ഓഫ് ഷെഡ്യൂൾഡ് ട്രൈബ്സ് ഇനത്തിൽ 1516273 രൂപയും സംയുക്ത പ്രൊജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിൽ ലഭിച്ച വിഹിതത്തിൽ 4067313 രൂപയും സംയുക്ത പ്രൊജക്ടുകൾക്കായി ജില്ലാപഞ്ചായത്തിൽ ലഭിച്ച വിഹിതത്തിൽ 3482600 രൂപയും ഗുണഭോക്തൃവിഹിതം ഇനത്തിൽ 31872 രൂപയും ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. എന്നാൽ ഓരോ തുകകളും ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് തിരിച്ചറിയാനാവുന്നില്ല.
7. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 ൽ Investment equity share ഇനത്തിൽ 599870/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ പ്രൊജക്ട് നം. 23/17 ന്റെ ചെലവ് തുകയാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,21,20,613 |
| വരവ് | 9,52,18,146 |
| ആകെ | 13,73,38,759 |
| ചെലവ് | 9,75,89,848 |
| നീക്കിയിരിപ്പ് | 3,97,48,911 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (അലോട്ട്മെന്റ്) | ചെലവ് | ചെലവ് ശതമാനം | ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 31910515 | 17117864 | 53.64 | 14792651 |
| വികസനഫണ്ട് എസ്.സി.പി. | 0 | 18633540 | 12753128 | 68.44 | 5880412 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 174807 | 174807 | 100 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4960845 | 1443528 | 29.09 | 3517317 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 61 | 51451659 | 51 | 30045799 | 0 | 10 | 83.60 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 365.64 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 106400 | 495442 | 389042 | 365.64 |
| ആകെ | 106400 | 495442 | 389042 | 365.64 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/11/17 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4000/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഐ.എ.വൈ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട സെൻട്രൽ ഷെയർ, സ്റ്റേറ്റ്ഷെയർ, ഗ്രാമ/ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയുടെ ചെക്ക് ഇഷ്യുരജിസ്റ്ററുകൾ, 5 ഗ്രാമപഞ്ചായത്തുകളുടെ വാച്ച് രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഐ.എ.വൈ ഫയലുകളിൽ മിക്ക ഗുണഭോക്താക്കളും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള കെട്ടിടനിർമ്മാണ അനുമതി

ലഭ്യമാക്കിയതായി കാണുന്നില്ല. അനധികൃത കെട്ടിടനിർമ്മാണം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഐ.എ.വൈ ഭവനനിർമ്മാണങ്ങൾ നടപ്പാക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. വാടക രജിസ്റ്റർ കൃത്യമായ രീതിയിൽ പരിപാലിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.12.16 മുതൽ 10.1.17 വരെ | 2015-16 | 15.6.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.15 മുതൽ 9.11.15വരെ | 2012-13മുതൽ 2014-15വരെ | 22.12.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടങ്ങളുടെ വാടക-രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് റൂമുകൾ കാരുണ്യ വനിതാ കാന്റീൻ, സൂര്യ ടൈലറിംഗ് എന്നീ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി വാടക പിരിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന് വാടക രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തന്നെ വാർഷികകണക്കിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷികകണക്ക് പ്രകാരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 വാടക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് (-)1800/- രൂപയാണ്. ആയതിന്റെ കൃത്യത പരിശോധിക്കാൻ ഡിമാന്റ് രജിസ്റ്റർ ഇല്ലാത്തതിനാൽ സാധിച്ചിട്ടില്ല. ഡിമാന്റ് തുക, തൻവർഷം ലഭിച്ച തുക, കുടിശ്ശികയായി ലഭിക്കാനുള്ള തുക എന്നിവ രേഖപ്പെടുത്തിയ ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ടെണ്ടർഫോമിന്റെ വില ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായില്ല

തൻവർഷം 29 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫോറത്തിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ

തനതു വരുമാനമായ മേൽ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | പങ്കെടുത്ത വരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വിലയിന ത്തിൽ ലഭിക്കേണ്ട തുക |
|---|---|---|---|---|
| 1. | അഗ്രോ സർവ്വീസ് സെന്റർ പൂർത്തീകരണം | 300000 | 2 | 600x2=1200 |
| 2. | ആലംപുഴ റോഡ് റീടാറിംഗ് | 550000 | 3 | 1100x3=3300 |
| 3. | ബ്ലോക്ക് ഓഫീസ് അറ്റകുറ്റ പണികൾ | 1220522 | 2 | 2500x2=5000 |
| 4. | പഴയന്നൂർ ജെറിയാട്രിക് വാർഡ് നിർമ്മാണം | 995000 | 1 | 1990x1=1990 |
| 5. | കിഴക്കേകോളനി തോട് സംരക്ഷണം | 600000 | 8 | 1200x8=9600 |
| 6. | കൊല്ലറക്കൽ കുളമ്പ് റോഡ് | 600000 | 1 | 1200x1=1200 |
| 7. | ചേലക്കര, ചെറുതുരുത്തി പ്രീമെട്രിക് ഹോസ്റ്റലുകൾ | 875000 | 1 | 1750x1=1750 |
| 8. | പള്ളിമുക്ക് ക്യാപ്റ്റൻ രാംദാസ് റോഡ് പുനരുദ്ധാരണം | 750000 | 3 | 1500x3=4500 |
| 9. | സാമൂഹ്യക്ഷേമ കേന്ദ്രം അറ്റകുറ്റ പണികൾ | 450000 | 2 | 900x2=1800 |
| 10. | പറക്കോട് അമലൂർ റോഡ് പുനരുദ്ധാരണം | 750000 | 5 | 1500x5=7500 |
| 11. | പാറക്കുളം കനാൽ റോഡ് പുനരുദ്ധാരണം | 750000 | 1 | 1500x1=1500 |
| 12. | പൂതനക്കര പിച്ചാംപ്പള്ളി റോഡ് കാന നിർമ്മാണം | 750000 | 3 | 1500x3=4500 |
| 13. | പൂവ്വത്താണി വല്ലങ്ങിപ്പാറ റോഡ് | 420000 | 2 | 840x2=1680 |
| 14. | തോന്നൂർക്കര റോഡ് | 750000 | 2 | 1500x2=3000 |

| | | | | |
|---|---|---|---|---|
| | പുനരുദ്ധാരണം | | | |
| 15. | താഴപ്ര റോഡ് | 750000 | 2 | 1500x2=3000 |
| 16. | പുലാക്കോട് സാംബവ കോളനി | 600000 | 2 | 1200x2=2400 |
| 17. | പനമ്പ് നിർമ്മാണതൊഴിലാളികൾക്ക് വർക്ക്ഷെഡ് | 500000 | 1 | 1000x1=1000 |
| 18. | അത്താണി പാട്ടുപുര റോഡ് | 950000 | 2 | 1900x2=3800 |
| 19. | കോഴിമാംപറമ്പ് കൈപഞ്ചേരി റോഡ് | 1200000 | 3 | 2500x3=7500 |
| 20. | സി.എച്ച്.സി അറ്റകുറ്റ പണികൾ | 2100000 | 3 | 2500x3=7500 |
| 21. | ചോലമക്കാമ്പ് റോഡ് | 600000 | 1 | 1200x1=1200 |
| 22. | പട്ടികജാതി കോളനികുടിവെള്ള പദ്ധതി | 1000000 | 3 | 2000x3=6000 |
| 23. | പൂനത്ത് പടി റോഡ് പുനരുദ്ധാരണം | 500000 | 1 | 1000x1=1000 |
| 24. | ബ്ലോക്ക് ഓഫീസ് മീറ്റിംഗ് ഹാൾ നിർമ്മാണം | 1420000 | 3 | 2500x3=7500 |
| 25. | കുളമ്പ് റോഡ് | 500000 | 1 | 1000x1=1000 |
| 26. | മെതുക് റോഡ് | 600000 | 1 | 1200x1=1200 |
| 27. | കുനത്തറ കനാൽ റോഡ് | 575000 | 1 | 1150x1=1150 |
| 28. | കുറുമല ഊരത്ത് കുന്ന് കോളനി റോഡ് | 600000 | 1 | 1200x1=1200 |
| 29. | ഗ്രാമ ന്യായാലയത്തിന്റെ നിർമ്മാണം | 2011697 | 1 | 2500x1=2500 |
| ആകെ | | | | 96470 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഐ.എ.വൈ.അക്കൗണ്ടുകളിൽ കോടികൾ നീക്കിയിരിപ്പ്- പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് 468 ഭവനങ്ങൾ–

ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ 2011-12 വർഷം മുതൽ 2016-17 വർഷം വരെ ഐ.എ.വൈ/പി.എം.എ.വൈ ഭവന പദ്ധതികൾ പ്രകാരം വിവിധ വിഭാഗങ്ങളിലായി അനുമതി ലഭിച്ച 2971 വീടുകളിൽ കരാർ വെച്ച 2871 വീടുകളിൽ 468 എണ്ണം ഇനിയും

പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതായി അധികൃതർ ലഭ്യമാക്കിയ കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2401 വീടുകളുടെ നിർമ്മാണം മേൽ വർഷങ്ങളിൽ പൂർത്തിയാക്കിയിട്ടുണ്ട്. 2011-12 വർഷം മുതൽ 2016-17 വരെ നിർമ്മാണമാരംഭിച്ചവയിൽ പൂർത്തിയാക്കുവാനുള്ള വീടുകളുടെ (31-10-2017 ലെ അവസ്ഥ) വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | നിലവിലെ അവസ്ഥ | | | | |
|---|---|---|---|---|---|
| | തറ | ഭിത്തി | റൂഫ് ലെവൽ | നിർമ്മാണം ആരംഭിക്കാത്തത് | ആകെ |
| 2011-12 | 5 | 8 | 3 | 5 | 21 |
| 2012-13 | 28 | 24 | 12 | 7 | 71 |
| 2013-14 | 10 | 13 | 3 | 15 | 41 |
| 2014-2015 | 23 | 29 | 14 | 9 | 75 |
| 2015-2016 | 29 | 47 | 55 | 32 | 163 |
| 2016-2017 | 30 | 40 | 9 | 18 | 97 |
| | 125 | 161 | 96 | 86 | 468 |

പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകളുടെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| വർഷം | ചേലക്കര | കൊണ്ടാഴി | പാഞ്ഞാൾ | വള്ളത്തോൾ നഗർ | പഴയന്നൂർ | തിരുവില്വാമല |
|---|---|---|---|---|---|---|
| 2011-12 | 9 | 1 | 7 | 4 | 0 | 0 |
| 2012-13 | 44 | 0 | 8 | 6 | 8 | 5 |
| 2013-14 | 16 | 6 | 5 | 6 | 5 | 3 |
| 2014-15 | 15 | 19 | 4 | 10 | 9 | 18 |
| 2015-16 | 48 | 21 | 22 | 12 | 15 | 45 |
| 2016-17 | 8 | 6 | 26 | 3 | 14 | 40 |
| | 140 | 53 | 72 | 41 | 51 | 111 |

ഐ.എ.വൈ പദ്ധതിയ്ക്കായി 2016-17 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിവിധ പ്രൊജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ നിന്നും 1,28,82393/- രൂപ വിനിയോഗിച്ചിട്ടുണ്ട്. മേൽ തുകയും, മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിഹിതം, സ്റ്റേറ്റ് വിഹിതം, ബാങ്ക് പലിശ എന്നിവയുമുൾപ്പടെ പദ്ധതിയ്ക്കായി ലഭ്യമായ തുകയിൽ 31-03-2017ൽ പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിൽ 2,46,84684/- രൂപ നീക്കിയിരിപ്പുണ്ട്. നിലവിൽ പദ്ധതി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ പണം കൃത്യമായി എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-2 ഐ.എ.വൈ ഗ്രാമ /ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം-

## അക്കൗണ്ടിലെ നീക്കിയിരിപ്പിന് കൃത്യമായ കണക്കുകളില്ല.

2016-17 സാമ്പത്തിക വർഷത്തെ വാർഷികകണക്ക പ്രകാരം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം നിക്ഷേപിച്ചിരിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിന്റെ 4335000100049939ാം നമ്പർ അക്കൗണ്ടിൽ നീക്കിയിരിപ്പായി 2,46,01361/- രൂപ അവശേഷിക്കുന്നുണ്ട്. 2016-17 സാമ്പത്തികവർഷം ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്നും അക്കൗണ്ട് ട്രാൻസ്ഫർ മുഖേന തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും എത്ര തുകയാണ് ലഭിച്ചിട്ടുള്ളതെന്ന കൃത്യമായ വിവരം ലഭ്യമല്ല. കൂടാതെ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയിൽ ഓരോ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ചത് എത്രയാണെന്നോ, ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുക എത്ര എന്ന വിവരങ്ങളോ ലഭ്യമല്ല. 2011-12 മുതൽ 2016-17 വരെ ബ്ലോക്ക് പഞ്ചായത്തിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകളുടെ എണ്ണം 468 ആണ്. പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾക്ക് അനുവദിക്കേണ്ട തുക ഗ്രാമ, ജില്ലാ, ബ്ലോക്ക് വിഹിതം കൃത്യമായി കണക്കാക്കി നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുവദിക്കേണ്ടതും ഓരോ തലത്തിലുമുള്ള നീക്കിയിരിപ്പിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 3-3 പി.എം.എ.വൈ -ആദ്യഗഡു കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണത്തിന്റെ തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല

2016-17 സാമ്പത്തികവർഷം പി.എം.എ.വൈ ഭവനനിർമ്മാണപദ്ധതിയിൽ കരാർ വെച്ച് ആദ്യഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണത്തിന്റെ തുടർ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|
| ശിവശങ്കരൻ, പൊയ്യാറ | തിരുവില്വാമല | 48000 |
| സത്യഭാമ രാമചന്ദ്രൻ, കാഞ്ഞുള്ളികളം | തിരുവില്വാമല | 48000 |
| ലക്ഷ്മി ചന്ദ്രൻ, കാഞ്ഞുള്ളികളം | തിരുവില്വാമല | 48000 |
| തുളസി പ്രസാദ്, മനുള്ളിൽ | തിരുവില്വാമല | 48000 |
| ബീവിക്കുട്ടി,തെക്കേപീടികയിൽ | തിരുവില്വാമല | 48000 |
| സത്യഭാമ, മണ്ണത്തി | തിരുവില്വാമല | 48000 |
| ലിസി സാമുവൽരാജ്, ബദേൽ | തിരുവില്വാമല | 48000 |
| ശാന്ത, നായാടിപറമ്പ് | പഴയന്നൂർ | 48000 |
| ചന്ദ്രിക, അച്ചാട്ടുപടി | പഴയന്നൂർ | 48000 |
| ശാന്ത കുമാരൻ, തോന്നൂർ | ചേലക്കര | 48000 |
| പ്രസീത, കൽതൊട്ടിക്കൽ | ചേലക്കര | 48000 |
| ഫാത്തിമ, ചിറപ്പാട് പുത്തൻപുരയിൽ | ചേലക്കര | 48000 |

| | | |
|---|---|---|
| സുഹറ, ഇനങ്ങയിൽ | പഴയന്നൂർ | 48000 |
| ഹാജിറ,കുളത്തിങ്കൽപീടികയിൽ | പഴയന്നൂർ | 48000 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി- അപാകതകൾ

(1) പി.എം.എ.വൈ ഭവനനിർമ്മാണം

2016-17 സാമ്പത്തികവർഷം പി.എം.എ.വൈ പദ്ധതി ഫയൽ പരിശോധിച്ചതിൽ കൊണ്ടാഴി, തിരുവില്വാമല, പഴയന്നൂർ, ചേലക്കര തുടങ്ങിയ 4 ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് മുമ്പ് അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള കെട്ടിടനിർമ്മാണ അനുമതി ലഭ്യമാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ യാതൊരു നിർമ്മാണപ്രവർത്തനങ്ങളും നടത്താൻ പാടുള്ളതല്ല. കെട്ടിടനിർമ്മാണ അനുമതി ലഭ്യമാക്കാതെ ഭവനനിർമ്മാണം നടപ്പാക്കുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

2)കൈപ്പറ്റിയതായി രേഖപ്പെടുത്തിയ തുകയിൽ വ്യത്യാസം

കാർത്ത്യായനി,ഡിസി കോളനി ,കൊണ്ടാഴി എന്ന ഗുണഭോക്താവിന് ഗ്രാമ/ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് വിഹിതം നിക്ഷേപിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്കിന്റെ 49939 നമ്പർ അക്കൗണ്ടിൽ നിന്നും ചെക്ക് നം.999697/16.2.17 പ്രകാരം പിൻവലിച്ച 963066/- രൂപയിൽ നിന്നും ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ളത് 35000/- രൂപയാണ്. എന്നാൽ വാച്ച് രജിസ്റ്ററിൽ തുക കൈപ്പറ്റിയതായി രേഖപ്പെടുത്തിയത് 31652/- രൂപയാണ് (വാച്ച് രജിസ്റ്റർ പേജ്39). വ്യത്യാസത്തിന് കാരണം വിശദമാക്കേണ്ടതാണ്.

3)ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന് രേഖകളില്ല

2016-17 സാമ്പത്തികവർഷം ഐ.എ.വൈ ,പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയ തുകകൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല.

| ട്രഷറി/ചെക്ക് നം/തിയതി | തുക | ഗുണഭോക്താവ് | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 246339/21.7.16 (സ്റ്റേറ്റ് ഷെയർ- അക്കൗണ്ട്നം.65478) | 14,17,956 | സുബൈദ, വള്ളത്തോൾ നഗർ, 2015-16 (അക്കൗണ്ട് നം.17138993) | 25000 | ആകെ അനുവദിക്കേണ്ട 200000/- രൂപയിൽ അധികരിക്കാതെ ബാക്കിയുള്ള ഗഡുക്കൾ അനുവദി ക്കേണ്ടതാണ്. |
| 19/20.1.17 | 126828 | ശ്രീദേവി അമ്മ, ശേഖരൻനായർ, തിരുവില്വാമല (അക്കൗണ്ട് നം.17141818) | 30828 | ആകെ അനുവദിക്കേണ്ട 200000/- രൂപയിൽ അധികരിക്കാതെ ബാക്കിയുള്ള ഗഡുക്കൾ അനുവദിക്കേണ്ടതാണ്. |
| 21/20.2.17 | 1056700 | ശ്രീദേവി അമ്മ, ശേഖരൻനായർ, | 32000 | ആകെ അനുവദിക്കേണ്ട |

| | | | | |
|---|---|---|---|---|
| | | തിരുവില്വാമല (അക്കൗണ്ട് നം.17141818) | | 200000/- രൂപയിൽ അധികരിക്കാതെ ബാക്കിയുള്ള ഗഡുക്കൾ അനുവദിക്കേണ്ടതാണ്. |
| 21/20.2.17 | 1056700 | ചിന്നപ്പെണ്ണ്,w/o മുരുകൻ,തിരുവില്വാമല (അക്കൗണ്ട് നം.17138638) | 32000 | ആകെ അനുവദിക്കേണ്ട 200000/- രൂപയിൽ അധികരിക്കാതെ ബാക്കിയുള്ള ഗഡുക്കൾ അനുവദിക്കേണ്ടതാണ്. |
| 21/20.2.17 | 1056700 | രാജേശ്വരി,സീതാമന്ദിരം, തിരുവില്വാമല(അക്കൗണ്ട് നം.17139442) | 24200 | ആകെ അനുവദിക്കേണ്ട 200000/- രൂപയിൽ അധികരിക്കാതെ ബാക്കിയുള്ള ഗഡുക്കൾ അനുവദിക്കേണ്ടതാണ്. |
| 43/31.3.17 | 691940 | ശ്യാമള രാജേന്ദ്രൻ, കുരിയിൽ , പഴയന്നൂർ (അക്കൗണ്ട് നം.1766274) | 25000 | ആകെ അനുവദിക്കേണ്ട 200000/- രൂപയിൽ അധികരിക്കാതെ ബാക്കിയുള്ള ഗഡുക്കൾ അനുവദിക്കേണ്ടതാണ്. |
| 43/31.3.17 | 691940 | സൗദ,എലിശ്ശേരി, പഴയന്നൂർ(അക്കൗണ്ട് നം.1775721) | 25000 | ആകെ അനുവദിക്കേണ്ട 200000/- രൂപയിൽ അധികരിക്കാതെ ബാക്കിയുള്ള ഗഡുക്കൾ അനുവദിക്കേണ്ടതാണ്. |
| | | ആകെ | 194028/- | |

തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 194028/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4) അധിക തറവിസ്തീർണ്ണത്തിൽ ഭവന നിർമ്മാണം നടപ്പാക്കിയത്

വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്തിന്റെ പി.എം.എ.വൈ ഗുണഭോക്താവായ ശ്രീമതി.ഫാത്തിമ.കെ.എം, w/oഅബ്ദുൾ സലിം, പള്ളിഞ്ഞാൽതൊടി (അക്കൗണ്ട് നം.67386344467)ക്ക് ആദ്യഗഡുവായി 48000/- രൂപ അനുവദിച്ചിട്ടുണ്ട് (വൗച്ച് രജിസ്റ്ററിൽ തുക ട്രാൻസ്ഫർ/കൈപ്പറ്റിയ തിയതി രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ ടിയാൾ 2 നിലകളോടു കൂടിയ വീട് നിർമ്മിച്ചതിനാൽ തുക തിരികെ ഈടാക്കുന്നതിന് നോട്ടീസ് അയച്ചതായി വൗച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

5) ചെക്ക് ഇഷ്യൂ രജിസ്റ്റർ,വൗച്ച് രജിസ്റ്റർ രേഖപ്പെടുത്തലുകൾ സംബന്ധിച്ച്

ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തിയിട്ടില്ല. ചില എൻട്രികളിൽ ഗുണഭോക്താവിന്റെ പേരും അക്കൗണ്ട് നമ്പറും മാത്രമെ രേഖപ്പെടുത്തിയിട്ടുള്ളൂ. ഗുണഭോക്താവ് ഏതു ഗ്രാമപഞ്ചായത്തിലെ ഏതു വർഷത്തെ ഗുണഭോക്താവാണെന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല. അതു പോലെ ട്രഷറിയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത സ്റ്റേറ്റ്മെന്റിലും ഇതേ അപാകത ആവർത്തിച്ചിരിക്കുന്നു. കൂടാതെ ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചെക്ക് നമ്പറും, അതാതു

ഗ്രാമപഞ്ചായത്തുകളുടെ ഗുണഭോക്താക്കളുടെ വാച്ച് രജിസ്റ്ററിലെ ചെക്ക് നമ്പറിന്റെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ തന്നെ 2016-17 ലെ സെൻട്രൽ ഷെയർ, സ്റ്റേറ്റ് ഷെയർ, ഗ്രാമ/ജില്ലാ /ബ്ലോക്ക് വിഹിതം അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഐ.എ.വൈ,പി.എം.എ.വൈ ഗുണഭോക്താക്കളുടെ ബാങ്ക് പാസ്ബുക്കുകൾ പരിശോധനാ വിധേയമാക്കി ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധിക തുക അനുവദിച്ചു

2016-17 സാമ്പത്തികവർഷം ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അനുവദിച്ച തുകകൾ യഥാസമയം കൈപ്പറ്റിയതായി രജിസ്റ്ററിൽ ചേർക്കാത്തതിനാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധികതുക അനുവദിച്ചു.വിശദാംശം താഴെ കൊടുക്കുന്നു.

| ട്രഷറി ബിൽ നം/ തിയതി/തുക (ബ്ലോക്ക് വിഹിതം) | ഗുണഭോക്താവ് | അക്കൗണ്ട് നം | അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക | വാച്ച് രജിസ്റ്റർ പ്രകാരം നാളിതു വരെ അനുവദിച്ച തുക | ആകെ അനുവദിക്കേണ്ടത് | ആകെ അനുവദിച്ചത് | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|---|
| 21/20.2.17 1056700/- | ഷീജ മണികണ്ഠൻ, വേട്ടേക്കാരൻകാവ്, തിരുവില്വാമല | 17145027 | 80000 | 174652 | 200000 | 254652 | 54652 |
| 23/20.2.17 607332/- | ബിന്ദു അശോകൻ, പടിഞ്ഞാക്കര | 17140563 | 32000 | 300000 | 300000 | 332000 | 32000 |
| | | | | | ആകെ | | 86652 |

അധികമായി അനുവദിച്ച 86652/- രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഇടാക്കി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 12/22.11.17).

## 3-6 പട്ടികജാതി ഭവന പുനരുദ്ധാരണം-അപാകതകൾ

പ്രൊജക്റ്റ് നമ്പർ – 6/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ട്രഷറി ബിൽ.നം-32/17.3.17, തുക-1080000/-

ട്രഷറി ബിൽ.നം-39/29.3.17, തുക-1,20000/-

ട്രഷറി ബിൽ.നം-42/31.3.17, തുക-800000/-

ആകെ -2000000/-

ഓഡിറ്റ് എൻക്വയറി നം-8/21.11.17

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ 6 ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ മേൽ പ്രൊജക്ടിൽ 80 ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം ധനസഹായം (അക്കൗണ്ട് ട്രാൻസ്ഫർ)അനുവദിച്ചിട്ടുണ്ട്. മേൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.സബ്സിഡി മാർഗ്ഗരേഖ പാലിച്ചിട്ടില്ല

ജി.ഒ.(എം.എസ്) 4/16 ത.സ്വ.ഭ.വ തിയതി 11.1.16 പ്രകാരം ഭവന പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചെയ്യേണ്ട പ്രവൃത്തികൾ സംബന്ധിച്ച റഫ് എസ്റ്റിമേറ്റ്, വീടിന്റെ കാലപഴക്കം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന വകുപ്പ്, ഗ്രാമപഞ്ചായത്ത്, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിൽ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, എന്നിവ ഹാജരാക്കേണ്ടതാണ്. വള്ളത്തോൾ നഗർ, പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് ഒഴികെ മറ്റു 4 ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ മേൽപറഞ്ഞവ ഹാജരാക്കിയിട്ടില്ല.

2.വാല്യേഷൻ റിപ്പോർട്ട് ഇല്ല

അഡ്വാൻസ് തുക നൽകിയതിന് ശേഷം പ്രവൃത്തി പൂർത്തീകരിച്ച് ഓവർസീയറുടെ വാല്യേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അവസാന ഗഡു അനുവദിക്കേണ്ടത്. ആയത് പാലിക്കാതെയാണ് 80 ഗുണഭോക്താക്കൾക്കും മുഴുവൻ തുകയും നൽകിയത്.

3.കൈപ്പറ്റ് രസീതി ഇല്ല

ഗുണഭോക്താക്കളുടെ അക്വിറ്റൻസ് രജിസ്റ്ററിൽ 25 ഗുണഭോക്താക്കൾ രണ്ടാം ഗഡു തുക കൈപ്പററിയതായി രേഖപ്പെടുത്തിയിട്ടില്ല.

4.ഗുണഭോക്താവിന്റെ ഫയൽ ലഭ്യമായില്ല

ട്രഷറി ബിൽ നം.39/29.3.17 (തുക-120000/-), 42/31.3.17 (തുക-800000/-) എന്നിവ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത ലിസ്റ്റിൽ കല്യാണി w/o സുബ്രഹ്മണ്യൻ(അക്കൗണ്ട്നം.0801108061019) എന്നവർ ഉൾപ്പെട്ടു കാണുന്നു. എന്നാൽ അക്വിറ്റൻസ് രജിസ്റ്റർ, ഫയൽ (79 ഗുണഭോക്താക്കളുടെ ഫയൽ ലഭ്യമാക്കി) എന്നിവയിൽ ഈ വ്യക്തി ഉൾപ്പെട്ടിട്ടില്ല. മേൽപറഞ്ഞ ഗുണഭോക്താവ് ഏതു ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പട്ട ആളായിരുന്നു എന്ന വിവരവും ലഭ്യമല്ല. യാതൊരു രേഖകളുമില്ലാതെ മേൽപറഞ്ഞ വ്യക്തിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 25000/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ട്രഷറിയിൽ അടവാക്കേണ്ടതാണ്.

5.2011-12 ൽ ഭവനപുനരുദ്ധാരണ ധനസഹായം അനുവദിച്ച വ്യക്തിക്ക് 2016-17 ൽ വീണ്ടും ധനസഹായം അനുവദിച്ചു.

ചിന്ന രാമൻ, പുത്തൻമാരി, മലേശമംഗലം എന്ന ഗുണഭോക്താവിന് 25000/- രൂപ അക്കൗണ്ട് നം.67080005836ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. ടിയാൾ ഹാജരാക്കിയ റേഷൻകാർഡ് നം.1842102651 ൽ തിരുവില്വാമല ഗ്രാമപഞ്ചായത്തിൽ നിന്നും 2011-12 ൽ ഭവനപുനരുദ്ധാരണത്തിനായി ധനസഹായം ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2011-12 കാലയളവിൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ച ഗുണഭോക്താവിന് 2016-17 സാമ്പത്തികവർഷത്തിലും ധനസഹായം അനുവദിച്ചതിന് വിശദീകരണം

ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. നാളിതുവരെ ഭവനപുനരുദ്ധാരണത്തിനായി ധനസഹായം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനുള്ള നടപടികൾ സ്വീകരിക്കാതെ ആനുകൂല്യം ഒരു തവണ കൈപ്പറ്റിയവരെ തന്നെ വീണ്ടും അതേ ആനുകൂല്യത്തിന് പരിഗണിക്കുന്ന നടപടി തീർത്തും ഒഴിവാക്കേണ്ടതാണ്.

അക്വിറ്റൻസ് രജിസ്റ്ററോ, ഫയലോ ഹാജരാക്കാത്ത ഗുണഭോക്താവിന് അനുവദിച്ച ധനസഹായം 25000/- രൂപ നിരാകരിക്കുന്നതോടൊപ്പം മതിയായ രേഖകൾ സമർപ്പിക്കാതെയും വാലേഷൻ റിപ്പോർട്ടില്ലാതെയും ഗുണഭോക്താക്കൾക്ക് അനുവദിച്ച 19,75000/- രൂപ രേഖകൾ ഹാജരാക്കുന്നതു വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

# 3-7 പട്ടികവർഗ്ഗ ഭവന പുനരുദ്ധാരണം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം-5/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ട്രഷറിബിൽ നം-34/17.3.17 തുക-174807/-

ചേലക്കര ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിന് തുക കൈമാറുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്. എന്നാൽ ചേലക്കര ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റ് യഥാസമയം ലഭിക്കാത്തതിനാൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി തുക പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ട് നം.4667101002064 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകി.

1.ശാന്ത, മാങ്കുളമ്പ് കോളനി

2.രുക്കു, മാങ്കുളമ്പ് കോളനി

3.വാസു, മാങ്കുളമ്പ് കോളനി

4.കമലം ചന്ദ്രൻ, മാങ്കുളമ്പ് കോളനി

പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ പട്ടികവർഗ്ഗ ഭവന പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ പ്രൊജക്റ്റ് ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് വികസനഫണ്ട് ടി.എസ്.പി ഇനത്തിൽ ലഭിച്ച തുക മുഴുവനായും ഗ്രാമപഞ്ചായത്തിന് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ കൈപ്പറ്റ് രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതു വരെ ചെലവുതുക 174807/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-8 സാക്ഷരതാ (തുല്യതാ) പഠനം-പഠിതാക്കളുടെ ഫീസ് നൽകൽ- രേഖകൾ ലഭ്യമല്ല

പ്രൊജക്റ്റ് നം-4/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ട്രഷറി ബിൽ നം-36/23.3.17 തുക-218250/-

പ്ലസ് വൺ തുല്യതാ പഠനത്തിന് അപേക്ഷ നൽകിയ 41 പേർക്ക് 2150/- രൂപ വീതം 88150/- രൂപ കേരള സംസ്ഥാന സാക്ഷരതാമിഷന്റെ അക്കൗണ്ട് നം.02880100113107ലേക്കും, പത്താംക്ലാസ് തുല്യത പഠനത്തിന് അപേക്ഷ നൽകിയ 87 പേർക്ക് 1500/- രൂപ വീതം വേണ്ട 130500/- രൂപയിൽ 130100/- രൂപ അക്കൗണ്ട് നം.5702699623ലേക്കും ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. പഠിതാക്കളുടെ അറ്റൻഡൻസ് രജിസ്റ്റർ, പഠിതാക്കളുടെ രജിസ്ട്രേഷൻ വിവരം, പരീക്ഷ ഹാൾടിക്കറ്റ് എന്നിവയോടൊപ്പം സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതിയും ഹാജരാക്കിയില്ല. മേൽപറഞ്ഞവ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-9 സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ- ഗുണഭോക്താക്കളുടെ ലൈസൻസുകൾ ഹാജരാക്കിയില്ല.

പ്രൊജക്റ്റ് നം-സൈഡ് വീലോട് കൂടിയ സ്കൂട്ടർ(24/17)

നിർവ്വഹണം – സി.ഡി.പി.ഒ

ട്രഷറി ബിൽ നം-1/30.3.17 തുക 13,28,900/-

സൈഡ് വീലോട് കൂടിയ സ്കൂട്ടർ എന്ന പ്രൊജക്ടിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പത്രപരസ്യം നൽകുകയും, ലഭിച്ച അപേക്ഷകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ട 20 പേർക്ക് സ്കൂട്ടർ നൽകുകയും ചെയ്തു. 20 സ്കൂട്ടർ വിതരണം ചെയ്തതിന്(മഹീന്ദ്ര ഗസ്റ്റോ 110 സിസി) Mak India Automobiles Pvt Ltd എന്ന സ്ഥാപനത്തിന് മേൽപ്രകാരം തുക അനുവദിക്കുകയും ചെയ്തു. 20 ഗുണഭോക്താക്കളിൽ കനകരാജൻ, കട്ടുന്നാക്കര വീട്, ചേലക്കോട് എന്ന ഗുണഭോക്താവ് ഒഴികെ ബാക്കിയുള്ള 19 ഗുണഭോക്താക്കളും ലൈസൻസ് ഹാജരാക്കിയിട്ടില്ല. ലൈസൻസ് ഹാജരാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | ഗ്രാമപഞ്ചായത്ത് | കുറിപ്പുകൾ |
|---|---|---|
| അബ്ദുൾ അസീസ്, തടത്തിപറമ്പിൽ | വള്ളത്തോൾ നഗർ | - |
| മുഹമ്മദ് എം.എം, മാളിയേക്കൽ | വള്ളത്തോൾ നഗർ | - |
| വിനോദ്കുമാർ, കൊല്ലമാക്ക് പടിഞ്ഞോാറേതിൽ | വള്ളത്തോൾ നഗർ | - |
| അബൂബക്കർ, കല്ലഴിക്കുന്നത്ത് | വള്ളത്തോൾ നഗർ | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല |
| സതീഷ് കുമാർ, മുണ്ടുള്ളിവീട് | പഴയന്നൂർ | ,, ,, |
| കെ.കെ.ചാമു, ആശാരിക്കുന്നത്ത് | പഴയന്നൂർ | ,, ,, |
| അജീഷ്.പി, പുത്തൻവീട് | പഴയന്നൂർ | ,, ,, |
| വേണുഗോപാലൻ.കെ.പി, കരുമ്പിച്ചിറ | പഴയന്നൂർ | ,, ,, |

| | | |
|---|---|---|
| വി.എം.മുഹമ്മദ്, വാരിക്കാട്ടിൽ | പഴയന്നൂർ | - |
| മുസ്തഫ.കെ.എച്ച്, കളപറമ്പിൽ | പാഞ്ഞാൾ | - |
| പ്രേമലത.കെ,കലങ്ങോട്ടുഞ്ഞാലിൽ | പാഞ്ഞാൾ | - |
| പെരുമാൾമൂപ്പർ, പുല്ലാട്ടുപറമ്പിൽ | പാഞ്ഞാൾ | - |
| മൊയ്തു, അമ്മാണത്ത് | ചേലക്കര | - |
| സന്തോഷ് കുമാർ, പൂക്കളങ്ങരകോളനി | ചേലക്കര | - |
| പി.മധു, പ്ലാക്കൽ | കൊണ്ടാഴി | - |
| എ.രാജൻ, എറവത്തൊടി | തിരുവില്വാമല | - |
| സോമസുന്ദരൻ, തെക്കേമുല്ലക്കൽ | തിരുവില്വാമല | - |
| ശിവദാസൻ, ചോഴിയംകോട് കോളനി | തിരുവില്വാമല | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല |
| ചന്ദ്രബാബു, തെഞ്ചീരിക്കുണ്ട് | തിരുവില്വാമല | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കിയില്ല |

വികലാംഗരായ ഗുണഭോക്താക്കൾക്ക് ഉപജീവനം നടത്തുന്നതിനായി അനുവദിച്ച വാഹനങ്ങൾ ലൈസൻസ് എടുക്കാതെ നിരത്തുകളിൽ ഉപയോഗിക്കുന്നത് അനാവശ്യ വ്യവഹാരങ്ങളിൽപെടുന്നതിന് കാരണമാകും. സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എംഎസ്) 4/16 തിയതി 11.1.16 പ്രകാരം ഇരു ചക്രവാഹനം അനുവദിക്കുന്നത് ഇരുചക്ര വാഹനത്തിന് ലൈസൻസുള്ളവർക്കായിരിക്കണം എന്ന നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ലൈസൻസുകൾ ഹാജരാക്കേണ്ടതാണ്. ആയതു വരെ 19 സ്കൂട്ടറുകൾക്ക് ചെലവഴിച്ച തുക 12,62,455/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ-അപാകതകൾ

പ്രൊജക്ട് നം-ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ(58/17)

നിർവ്വഹണം-സി.ഡി.പി.ഒ

ട്രഷറി ബിൽ നം-2/30.3.17 തുക-84440/-

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)4/16 തീയതി 11.1.16 പ്രകാരം ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നോ, കെൽട്രോണിൽ നിന്നോ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷനിൽ നിന്നോ വാങ്ങാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത Mira Rehabilitation, മുളന്തുരുത്തി എന്ന

സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. 15 ഗുണഭോക്താക്കൾക്കായി വാങ്ങിയ ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെ നേരിട്ട് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ തന്നെ ഗുണഭോക്താക്കളുടെ കൈപ്പറ്റും വാങ്ങിയ ഉപകരണങ്ങളുടെ എണ്ണവും ചില ഇനങ്ങളിൽ പൊരുത്തപ്പെടുന്നില്ല.

ഉദാഹരണമായി Plantar flexias prevention എന്ന ഉപകരണം ഇൻവോയ്സ് പ്രകാരം (ഇൻവോയ്സ് നമ്പർ Mira /KER/082/27.3.17 ) 4 എണ്ണവും, ഗുണഭോക്താക്കളുടെ കൈപ്പറ്റ് പ്രകാരം 3 ഉം ആണ്. ബാലൻസ് 1 കാണേണ്ടതാണെങ്കിലും 2 ഗുണഭോക്താക്കൾക്ക് 2 എണ്ണം വീതമാണ് മേൽപറഞ്ഞ ഉപകരണം വിതരണം ചെയ്തിട്ടുള്ളതെന്ന് നിർവ്വഹണോദ്യോഗസ്ഥ വാക്കാൽ അറിയിക്കുകയുണ്ടായി.

ഉപകരണങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/17.11.17 ന് മറുപടിയായി ഇൻവോയ്സ് പ്രകാരം 3 എണ്ണം രേഖപ്പെടുത്തിയ ഇൻവാലിഡ് വാക്കർ എന്ന ഉപകരണം 4 എണ്ണം സപ്ലൈ ചെയ്യുകയും(അധികമായി അനുവദിച്ച ഉപകരണം നിലവിലും സി.ഡി.പി.ഒ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്), ഇൻവോയ്സിൽ 1 എണ്ണം രേഖപ്പെടുത്തിയ Ankle Knee Foot Orthosis എന്ന ഉപകരണം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നും അറിയിക്കുകയുണ്ടായി. നാളിതു വരെ ലഭ്യമാക്കാത്ത Ankle Knee Foot Orthosis എന്ന ഉപകരണത്തിന്റെ വിലയായ 3300/- രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ബഡ്സ് റിഹാബിലിറ്റേഷൻ തൊഴിൽ പരിശീലകർക്ക് ഹോണറേറിയം-സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്ട് ഏറ്റെടുത്തു

പ്രോജക്ട് നമ്പർ – 23/17
നിർവ്വഹണം-സി.ഡി.പി.ഒ

ട്രഷറി ബിൽ നം.-3/31.3.17, തുക 599870/-

നിർവ്വഹണ ഏജൻസി- IRTC, മുണ്ടൂർ, പാലക്കാട്

സ.ഉ.(കൈ) നം.144/2013/ത.സ്വ.ഭ.വ തീയതി 6.4.13 പ്രകാരം മാനസികവെല്ലുവിളികൾ നേരിടുന്ന യാത്ര ചെയ്യാൻ കഴിവുള്ള ഏതൊരാൾക്കും ആവശ്യമായ പകൽപരിപാലനം, പരിചരണം, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവാസ സാദ്ധ്യത ഉറപ്പുവരുത്തുന്നതിനാണ് ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. തൊഴിൽ പരിശീലനത്തിന് ദിനബത്തയിൽ ആളെ നിയമിച്ച് സാധ്യമായ തൊഴിൽ പരിശീലനം നൽകാവുന്നതാണെന്നും ഉത്തരവായിട്ടുള്ളതാണ്.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 4 ഗ്രാമപഞ്ചായത്തുകളിൽ അതായത് കൊണ്ടാഴി, തിരുവില്വാമല, വള്ളത്തോൾനഗർ, പഴയന്നൂർ പഞ്ചായത്തുകളിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. മേൽപറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറി പ്രൊജക്ട് നടപ്പാക്കുന്നതിനാണ് ലക്ഷ്യമിട്ടതെങ്കിലും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 13.7.16 ലെ 6-ാം നമ്പർ തീരുമാനപ്രകാരം നിർവ്വഹണം IRTC, മുണ്ടൂർ, പാലക്കാടിനെ ഏൽപ്പിക്കുന്നതിനും, പ്രൊജക്ട് നടപ്പാക്കുന്നതിന് സംസ്ഥാന കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അംഗീകാരം ലഭിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് (6/20.11.17 )മറുപടി നൽകിയെങ്കിലും ആയത് ഓഡിറ്റിൽ ഹാജരാക്കിയില്ല. നിലവിൽ മേൽപ്പറഞ്ഞ പ്രൊജക്ട്

നടപ്പാക്കുന്നതിന് സർക്കാർ ഉത്തരവുകളൊന്നും തന്നെ നിലവിലില്ലാത്തതാണ്.

പ്രൊജക്റ്റ് നിർവ്വഹണം

IRTC, മുണ്ടൂർ, പാലക്കാട് സമർപ്പിച്ച ബജറ്റ് എസ്റ്റിമേറ്റ് (തിയതി ലഭ്യമല്ല) പ്രകാരമുള്ള തുക സ്ഥാപനത്തിന് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ബജറ്റ് വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | വിവരണം | തുക |
|---|---|---|
| ട്രെയിനിംഗ് | | |
| പ്രൊജക്റ്റ് കോ-ഓർഡിനേറ്റർക്കുള്ള പ്രതിഫലം | 12000x4മാസം | 48000 |
| ട്രെയിനേഴ്സിനുള്ള പ്രതിഫലം | 11000x4x3 മാസം | 132000 |
| യാത്രാബത്ത | 3000x4x4മാസം | 48000 |
| സ്റ്റേഷനറി | 5500x4 | 22000 |
| റിപ്പോർട്ട് തയ്യാറാക്കൽ | ഡ്രാഫ്റ്റിംഗ്& പ്രിന്റിംഗ് | 8000 |
| ട്രെയിനിംഗ് മെറ്റിരിയൽസ് | 70000x4 | 280000 |
| ആകെ | | 538000 |
| ഓവർഹെഡ് @ 10%+സർവ്വീസ് ടാക്സ് @15% | 53800+8070 | 61870 |
| | | 599870 |

സ്ഥാപനം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ആകെ പരിശീലനാർത്ഥികളുടെ വിവരവും, ലഭ്യമാക്കിയ തൊഴിൽ പരിശീലനത്തിന്റെ വിശദാംശങ്ങളും താഴെ കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്ത് | പങ്കെടുത്ത കുട്ടികളുടെ എണ്ണം | തൊഴിൽ പരിശീലനം |
|---|---|---|
| പഴയന്നൂർ | 15 | ടെറാക്കോട്ട ഓർണമെന്റ് മേക്കിംഗ്, പേപ്പർബാഗ് മേക്കിംഗ്, സീഡ് ജെർമിനേഷൻ,സോപ്പ് മേക്കിംഗ് |
| കൊണ്ടാഴി | 8 | |
| തിരുവില്വാമല | 13 | |
| വള്ളത്തോൾ നഗർ | 4 | |
| ആകെ | 40 | |

14.07.17 മുതലാണ് തൊഴിൽ പരിശീലനം ആരംഭിച്ചിട്ടുള്ളത്. എന്നാൽ ഓരോ സെന്ററിലും എത്ര ദിവസങ്ങൾ ഓരോ പരിശീലനവും സംഘടിപ്പിച്ചു എന്നതിന്റെ വ്യക്തമായ കണക്കുകൾ റിപ്പോർട്ടിൽ നിന്നും ലഭ്യമല്ല. റിപ്പോർട്ട് പ്രകാരം സീഡ് ജെർമിനേഷൻ എന്ന പരിശീലനത്തിന് ആവശ്യമായ

മെറ്റീരിയൽസ് കൃഷി വകുപ്പ് നൽകിയെന്നറിയിച്ചിട്ടുണ്ട്. തൊഴിൽ പരിശീലനത്തിന് ദിനബത്തയിൽ ആളെ നിയമിച്ച് മേൽപറഞ്ഞ ഇനങ്ങളിൽ തൊഴിൽ പരിശീലനം നൽകിയിരുന്നുവെങ്കിൽ ഓവർഹെഡ് ചാർജ്, സർവ്വീസ് ടാക്സ്, യാത്രാബത്ത, ഡ്രാഫ്റ്റിംഗ് & പ്രിന്റിംഗ് എന്നീ ഇനങ്ങൾ ഒഴിവാക്കി ഇതിലും കുറഞ്ഞ ചെലവിൽ പരിശീലനപരിപാടികൾ തുടർച്ചയായി നടത്താമായിരുന്നു.

25.3.17 ൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ട്രഷറി ബിൽ പ്രകാരം കൈമാറിയ തുകയ്ക്കുള്ള കൈപ്പറ്റ് രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ നാളിതുവരെ സ്ഥാപനം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതു വരെ ചെലവ് തുക 599870/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-മൂല്യനിർണ്ണയം നടത്താതെ തന്നെ മുഴുവൻ തുകയും അനുവദിച്ചു.

പ്രൊജക്ട് നം – 62/17

നിർവ്വഹണം – എസ്.സി.ഡി.ഒ

ട്രഷറി ബിൽ നം.-1/17.12.16, തുക-250000/-

സ.ഉ.(സാധാ) നം.626/16/ത.സ്വ.ഭ.വ തിയതി 15.2.16 പ്രകാരം എസ്.സി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ അളവെടുത്തതിനു ശേഷം അളവിനെ അടിസ്ഥാനമാക്കി പരമാവധി 100000/- രൂപ വരെ ധനസഹായം നൽകാവുന്നതാണ്. പിന്നീട് ജി.ഒ(ആർ.ടി)397/2017 /ത.സ്വ.ഭ.വ തിയതി.13.2.17 പ്രകാരം 50000/- രൂപ അഡ്വാൻസായി അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിനു ശേഷം സ.ഉ (എം.എസ്)നം.697/17/ത.സ്വ.ഭ.വ തിയതി 14.3.17 ലെ സബ്സിഡി മാർഗ്ഗരേഖ കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഇറക്കിയ ഉത്തരവിൽ ഓവർസീയർ പരിശോധിച്ച് നടത്തുന്ന മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു അനുവദിക്കാമെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

മിക്ക ഗുണഭോക്താക്കളും നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ചതിന് കംപ്ലീഷൻ പ്ലാൻ, നിർമ്മാണം പൂർത്തീകരിച്ച പഠനമുറിയുടെ ഫോട്ടോ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എസ്.സി പ്രമോട്ടർമാരുടെ വാർപ്പ് പണി പൂർത്തീകരിച്ചതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്.

| ഗുണഭോക്താവ് | കെട്ടിടനം | ഡിഡി നം/തിയതി | അനുവദിച്ച തുക |
|---|---|---|---|
| രാജേന്ദ്രൻ, രാമൻകണ്ടത്ത്,ചേലക്കര | 20/279 | 230807/21.12.16 | 30000 |
| സുധ രാമനാരായണൻ, മുത്തങ്ങകുണ്ട് കോളനി, കൊണ്ടാഴി | 9/609 | 230810/21.12.16 | 30000 |
| മണികണ്ഠൻ,വാഴാട് കോളനി,കൊണ്ടാഴി | 11/281 | 230809/21.12.16 | 30000 |

| | | | |
|---|---|---|---|
| ജയചന്ദ്രൻ,കുറുപ്പംതൊടി, കോളനി, പാഞ്ഞാൾ | 12/349 | 230806/21.12.16 | 30000 |
| കൃഷ്ണൻകുട്ടി,പുഞ്ചപ്പാടം കോളനി, പഴയന്നൂർ | 18/87a | 230808/21.12.16 | 30000 |
| ശാന്ത, കുപ്രംകുന്നത്ത്, തിരുവില്വാമല | 3/184 | 230812/21.12.16 | 30000 |
| കണ്ണൻ, കുറുമങ്ങാട്ടുപടി, തിരുവില്വാമല | 8/145 | 230811/21.12.16 | 30000 |
| കുമാരൻ.കെ,കുന്നത്താട്ടുപടി, തിരുവില്വാമല | 5/147 | 230813/21.12.16 | 40000 |
| ആകെ | | | 250000 |

പഠനമുറിയുടെ കംപ്ലീഷൻ പ്ലാൻ, പൂർത്തീകരിച്ച പഠനമുറിയുടെ ഫോട്ടോ, നടപ്പാക്കിയ പ്രവൃത്തികളുടെ അടിസ്ഥാനത്തിലുള്ള ഓവർസീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതും, ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചത് പരിശോധനാവിധേയമാക്കി സർക്കാർ പണം ദുരുപയോഗം ചെയ്തിട്ടില്ല എന്നുറപ്പുവരുത്തേണ്ടതുമാണ്. മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 250000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 പ്രീമെട്രിക് ഹോസ്റ്റലുകളിലെ ലൈബ്രറി ശക്തിപ്പെടുത്തൽ,രേഖകൾ ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നമ്പർ – SO 69/17

പ്രൊജക്റ്റ് - പ്രീമെട്രിക് ഹോസ്റ്റലുകളിലെ ലൈബ്രറി ശക്തിപ്പെടുത്തൽ

നിർവ്വഹണം – എസ്.സി.ഡി.ഒ

ട്രഷറിബിൽ നം – 2/18.2.17, തുക-100000/-

പ്രീമെട്രിക് ഹോസ്റ്റലുകളിലെ ലൈബ്രറി ശക്തിപ്പെടുത്തൽ പ്രൊജക്റ്റിന്റെ ഭാഗമായി 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്റ്റ് ചേലക്കര, ചെറുതുരുത്തി പ്രീമെട്രിക് ഹോസ്റ്റലുകളിൽ പുസ്തകം കൈപ്പറ്റിയതായി വാർഡൻമാർ സാക്ഷ്യപ്പെടുത്തി നൽകിയത് എന്നിവ ഹാജരാക്കിയിട്ടുണ്ട്. ആകെ 1 ലക്ഷം രൂപയാണ് പുസ്തകങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ രണ്ടു സ്ഥാപനങ്ങളും 15/12/16 ൽ ഡി.സി. ബുക്ക്സിൽ നിന്നും 1 ലക്ഷം രൂപയുടെ പുസ്തകങ്ങൾ കൈപ്പറ്റി എന്നാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

പുസ്തകങ്ങൾ വാങ്ങലുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ, ടെണ്ടർ സ്വീകരിച്ചതിന്റെ വിവരം, സ്ഥാപനത്തിന്റെ ഇൻവോയ്സ് ബിൽ, സ്ഥാപനത്തിന്റെ കൈപ്പറ്റ് രസീതി, പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ– ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക വിനിയോഗിച്ചിട്ടില്ല

പ്രൊജക്റ്റ് നമ്പർ – SO52/17

നിർവ്വഹണം-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ട്രഷറി ബിൽ നം-1/16-17, തിയതി 18.3.17, തുക-200000/-

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ പ്രൊജക്റ്റിനായി ഗ്രാമപഞ്ചായത്തുകൾക്കുള്ള ബ്ലോക്ക് വിഹിതമായി താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| പഴയന്നൂർ | 4667101002064 | 80000 |
| കൊണ്ടാഴി | 71312140000004 | 40000 |
| പാഞ്ഞാൾ | 799011400001581 | 40000 |
| തിരുവില്വാമല | 799011400001435 | 40000 |
| ആകെ | | 200000 |

ഗ്രാമപഞ്ചായത്തുകളുടെ പ്രൊജക്റ്റുകൾ, തുക ആവശ്യപ്പെട്ടു കൊണ്ടുള്ള റിക്വിസിഷൻ, കൈപ്പറ്റ് രസീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞവ ഹാജരാക്കുന്നതു വരെ ചെലവുതുക 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 സർക്കാർ സ്കൂളിൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം-53/16-17

ട്രഷറി ബിൽ നം-13/20.12.16 തുക-150000/-

നിർവ്വഹണം-സെക്രട്ടറി

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ 10 ഹയർസെക്കണ്ടറി സ്കൂളുകൾക്ക് തൃശ്ശൂർ ഡിസി ബുക്ക്സിൽ നിന്നും 150000/- രൂപയ്ക്കുള്ള പുസ്തകങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. സ്കൂളുകളുടെ വിവരം താഴെ കൊടുക്കുന്നു.

1.എസ്.എം.ടി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, ചേലക്കര

2.ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, തിരുവില്വാമല

3.ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പാഞ്ഞാൾ

4.ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പഴയന്നൂർ

5.ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, പാമ്പാടി

6.ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, ചെറുതുരുത്തി

ഇവ കൂടാതെ താഴെ പറയുന്ന എയ്ഡഡ് സ്കൂളുകൾക്കും പുസ്തകങ്ങൾ നൽകിയിട്ടുണ്ട്.

7.സെന്റ്.ജോൺസ് ഹൈസ്കൂൾ, എളനാട്

8.ലിറ്റിൽ ഫ്ലവർ ഗേൾസ് ഹൈസ്കൂൾ, ചേലക്കര

9.സെന്റ് ജോസഫ് ഹൈസ്കൂൾ, പങ്ങാരപ്പിള്ളി

10.സെന്റ് തോമസ് ഹൈസ്കൂൾ, മായന്നൂർ

മേൽപ്പറഞ്ഞ സ്കൂളുകൾ പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. കൂടാതെ കേരള പഞ്ചായത്ത് രാജ് 172-ാം വകുപ്പ് (1) -ാം ഉപവകുപ്പ് നാലാം പട്ടികയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഹയർ സെക്കണ്ടറി സ്കൂൾ, ഹൈസ്കൂളുകൾ എന്നിവയുടെ നടത്തിപ്പ് ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നു. ബ്ലോക്ക് പഞ്ചായത്ത് ചുമതലകളിൽപ്പെടുന്ന പ്രൊജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററുകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 150000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 അഡ്വാൻസുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

ജി.ഒ (പി) 419/2011 ധനം തീയതി 4.10.11 ഉത്തരവ് പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റി 3 മാസത്തിനകം അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. അഡ്വാൻസ് തുക കൈപ്പറ്റിയത് നിശ്ചിത സമയപരിധിക്കുള്ളിൽ അഡ്ജസ്റ്റ് ചെയ്യാതിരുന്നാൽ, തുക തിരികെ ഈടാക്കുമ്പോൾ തുക പിൻവലിച്ച തീയതി മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്. എന്നാൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കായി അഡ്വാൻസിനത്തിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അഡ്ജസ്റ്റ് ചെയ്ത് അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ചെക്ക് നം/തിയതി | തുക |
|---|---|---|
| എസ്.സി.ഡി.ഒ | 1263440/7.10.16 | 10000 |
| അസി.എക്സി.എഞ്ചിനീയർ | 1263441/7.10.16 | 10000 |
| എ.ഡി.എ | 1263442/7.10.16 | 10000 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1263443/7.10.16 | 10000 |
| ആകെ | | 40000 |

അഡ്വാൻസുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമീകരിക്കാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-17 പെയിൻ & പാലിയേറ്റിവ് കെയർ– മരുന്നു വാങ്ങൽ– മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നം. – 43/17

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

ട്രഷറിബിൽനം – 11/16-17, തിയതി.31.1.17, തുക-150000/-

പെയിൻ & പാലിയേറ്റിവ് കെയറിൽ മരുന്നുവാങ്ങലിനായി 150000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 106302/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.
ഇൻവോയ്സ് നം.2007/20.7.17, തുക-18862/-
ഇൻവോയ്സ് നം.3033/31.8.17, തുക-13246/--
ഇൻവോയ്സ് നം.3098/6.10.17, തുക-74194/-
ബാക്കി 43698/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-18 2016-17 ൽ ബ്ലോക്ക്പഞ്ചായത്ത് 2 കോടി 41 ലക്ഷം രൂപ ലാപ്സാക്കി

2016-17 വർഷത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിൽ ലഭിച്ച അലോട്ട്മെന്റിന്റേയും ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ചെലവഴിച്ച തുകയുടേയും ലാപ്സായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക₹ | ലാപ്സായ തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 31910515 | 17117864 | 14792651 | 53.6 |
| വികസനഫണ്ട് എസ്.സി.പി. | 18633540 | 12753128 | 5880412 | 68.44 |
| വികസനഫണ്ട് ടി.എസ്.പി. | 174807 | 174807 | ---- | 100 |
| റോഡിതരസംരക്ഷണ ഗ്രാന്റ് | 4960845 | 1443528 | 3517317 | 29.09 |
| ആകെ | 55679707 | 31489327 | 24190380 | 56.55 |

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 2 കോടി 41 ലക്ഷം രൂപയോളമാണ് തൻവർഷം ലാപ്സാക്കി കളഞ്ഞത്. റോഡിതര സംരക്ഷണഗ്രാന്റിന്റെ വിനിയോഗമാണ് ഏറ്റവും കുറവ്. നിബന്ധനകൾക്ക് വിധേയമായി മാത്രമേ സ്പിൽ ഓവർ പ്രവൃത്തികൾക്ക് സർക്കാർ 2017-18 വർഷത്തിൽ വിഹിതം അനുവദിക്കുകയുമുള്ളൂ. മാത്രമല്ല വികസനപ്രവർത്തനങ്ങൾക്ക് കാലതാമസവും സംഭവിക്കുന്നു.

സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

## 3-19 പൊതുമരാമത്ത് മേഖല- കുറഞ്ഞ ഫണ്ട് വിനിയോഗം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരംലഭിച്ചത്/ വകയിരുത്തിയത് ₹ | നടപ്പാക്കിയത് /ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 40 | 4 | 10 |
| തുക | 30509133 | 2124890 | 6.96 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 10 % പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 6.96% തുകയാണ് ചെലവഴിക്കാനായത്. ഫണ്ട് വിനിയോഗത്തിൽ വലിയ കുറവാണ് സംഭവിച്ചിരിക്കുന്നത്. ഏകദേശം 2 കോടി 83 ലക്ഷത്തോളം രൂപ (30509133-2124890) ചെലവഴിച്ചില്ല. ചെലവ് പത്രികപ്രകാരം 4 പ്രൊജക്ടുകളിൽ മാത്രമാണ് ചെലവുള്ളത്. അവയിൽ രണ്ടു പ്രൊജക്ടുകൾ മുൻവർഷത്തെ സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. പ്രൊജക്ട് നം.49/17, 59/17 എന്നീ പ്രൊജക്ടുകളിലെ ചെലവുകളായി യഥാക്രമം 750000, 1192500 എന്നീ തുകകൾ ചെലവു പത്രികയിൽ ചേർത്തിട്ടുണ്ടെങ്കിലും ഈ പ്രൊജക്ടുകളുടെ ചെലവ് നടത്തിയിരിക്കുന്നത് സെക്രട്ടറിയുടെ ബിൽ ബുക്ക് ഉപയോഗിച്ചാണ്. എന്തുകൊണ്ടാണ് ഈ ചെലവ് സെക്രട്ടറി നടത്തിയിരിക്കുന്നതെന്ന് വ്യക്തമല്ല.

ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. വിനിയോഗത്തിലെ കുറവിനും സെക്രട്ടറി നടപ്പാക്കിയ ചെലവ് എഞ്ചിനീയറുടെ ചെലവായി ചേർത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-20 മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ ഇൻസിനറേറ്റർ സ്ഥാപിച്ചു

നിർവ്വഹണഉദ്യോഗസ്ഥൻ: സെക്രട്ടറി

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി തൻവർഷം 3442500 രൂപ ചെലവഴിച്ചിട്ടുണ്ട്. M/S യോങ്ങ് എന്റർപ്രൈസസ്, പാണ്ടിക്കാട്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് ഇൻസിനറേറ്ററുകൾ വാങ്ങിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | ട്ര.ബിൽ നം | തുക |
|---|---|---|---|
| 59/17 | ചേലക്കര, പഴയന്നൂർ, തിരുവില്വാമല സി.എച്ച്.സി കളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ | 16/20.1.17 | 1192500 |

| | | | |
|---|---|---|---|
| 101/17 | ചേലക്കര, ചെറുതുരുത്തി പ്രീമെട്രിക് ഹോസ്റ്റലുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ | 33/16.3.17 | 1500000 |
| 49/17 | എളനാട് കമ്മ്യൂണിറ്റി ഹാളിന് ഇൻസിനറേറ്റർ സ്ഥാപിക്കൽ | 17/20.1.17 | 750000 |
| ആകെ | | | 3442500 |

ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് തദ്ദേശഭരണവകുപ്പ് സർക്കുലർ നം.71875/ഡി.സി.1 /2014/തിയതി 2.12.14 പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ മാലിന്യസംസ്കരണത്തിനായി ഇൻസിനറേറ്റർ അല്ലാതെ മറ്റ് സാങ്കേതിക വിദ്യകൾ ഒന്നും ഉപയോഗപ്രദമല്ല എന്ന ഘട്ടത്തിലും ചില പ്രത്യേക സാഹചര്യത്തിലും മാത്രമേ ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പ്രൊജക്ടുമായി മുന്നോട്ട് പോകാവൂ എന്നും ബന്ധപ്പെട്ട പ്രൊജക്ടിന് ശുചിത്വ മിഷൻ/മലിനീകരണനിയന്ത്രണബോർഡ് എന്നിവയുടെ പരിശോധനക്കും ശുപാർശക്കും ശേഷം സർക്കാരിന്റെ മുൻകൂർ അനുമതി ലഭിച്ചതിനെ തുടർന്ന് മാത്രമേ ഇൻസിനറേറ്റർ സ്ഥാപിക്കാൻ പാടുള്ളൂ എന്നും പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രൊജക്ടുകൾക്ക് ശുചിത്വമിഷന്റേയോ മലിനീകരണനിയന്ത്രണബോർഡിന്റേയോ സർക്കാരിന്റേയോ അനുമതി വാങ്ങിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 15.7.16 ലെ യോഗത്തിൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങൾ ചർച്ച ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 9/15.7.16 -ാം തീരുമാനപ്രകാരം ഇൻസിനറേറ്റർ വാങ്ങുന്നതിന് അനുവാദത്തിനായി വികേന്ദ്രീകൃത ആസൂത്രണ കോഓർഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷിക്കാൻ നിശ്ചയിച്ചിരുന്നു. എന്നാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

നിർവ്വഹണത്തിൽ കാണപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഖരമാലിന്യസംസ്കരണത്തിനായുള്ള സേവനദാതാക്കളായി ശുചിത്വമിഷൻ അംഗീകരിച്ച പട്ടികയിൽ യോങ്ങ് എന്ന സ്ഥാപനം ഉൾപ്പെടുന്നില്ല.

2. ടെണ്ടർ ചെയ്യുമ്പോൾ സ്പെസിഫിക്കേഷൻ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ടെണ്ടറിൽ പങ്കെടുത്തവർ വ്യത്യസ്ത വലിപ്പത്തിലുള്ള ഇൻസിനറേറ്ററുകളുടെ നിരക്കുകളാണ് രേഖപ്പെടുത്തിയത്. ഇവ തമ്മിലുള്ള താരതമ്യം യുക്തിസഹമല്ല.

3. ഇൻസിനറേറ്റർ സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് വിദഗ്ധാഭിപ്രായം തേടിയ വ്യക്തി ഇക്കാര്യത്തിൽ ക്ഷമതയുള്ള ആളല്ല. ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിൽ ആണ് ബി.ടെക്ക് ലഭിച്ചിട്ടുള്ളത്.

4. ജി.ഒ.(എം.എസ്) 13/2015/ഐ.ടി.ഡി./12.5.15 പ്രകാരം അഞ്ചുലക്ഷത്തിന് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ നടപടികൾ പാലിക്കേണ്ടതാണ്. എന്നാൽ ഇ-ടെണ്ടർ രീതി അവലംബിച്ചിട്ടില്ല.

5. ഓരോ സ്ഥാപനത്തിനും ഏതു ശേഷിയിലുള്ള ഇൻസിനറേറ്റർ വേണമെന്ന് ടെണ്ടർ നടത്തുന്നതിന് മുമ്പ് നിർണ്ണയിച്ചിട്ടില്ല. ഉത്പാദിപ്പിക്കപ്പെടുന്ന ശരാശരി മാലിന്യത്തിന്റെ അടിസ്ഥാനത്തിനാണ് മാലിന്യ പ്ലാന്റിന്റെ ശേഷി നിർണ്ണയിക്കേണ്ടത്. മേൽ സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ശരാശരി മാലിന്യത്തിന്റെ അളവ് കണക്കാക്കിയതായി കാണുന്നില്ല. സി.എച്ച്.സി കളിൽ 50 കി.ഗ്രാം ശേഷിയുള്ള ഇൻസിനറേറ്ററും പ്രീമെട്രിക് ഹോസ്റ്റലുകളിൽ 100 കി.ഗ്രാം ശേഷിയുള്ള ഇൻസിനറേറ്ററും എളനാട് കമ്മ്യൂണിറ്റി ഹാളിൽ 150 കി.ഗ്രാം ശേഷിയുള്ള ഇൻസിനറേറ്ററുമാണ് സ്ഥാപിച്ചിരിക്കുന്നത്.

മേൽ വിവരിച്ച സാഹചര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഇൻസിനറേറർ വാങ്ങുന്നതിനായി നടത്തിയ 3442500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണം-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തി

നിർവ്വഹണഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 112/17

ചെലവഴിച്ച തുക : ട.ബി.നം.46/31.3.17, തുക 1265000

പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിന് തൻവർഷം M/S യോങ്ങ് എന്റർപ്രൈസസ്, പാണ്ടിക്കാട്, മലപ്പുറം എന്ന സ്ഥാപനത്തിന് 1265000 രൂപ നൽകിയിട്ടുണ്ട്. പഴയന്നൂർ ഗ്രാമപഞ്ചായത്ത് വിട്ടു കൊടുത്ത സ്ഥലത്താണ് ഷ്രെഡിംഗ് യൂണിറ്റ് നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 172(1) പ്രകാരം 4ാം പട്ടികയിൽ പറഞ്ഞിരിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടുന്നില്ല. മാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. മാത്രമല്ല 12-ാം പദ്ധതി മാർഗ്ഗരേഖയായ സ.ഉ(എം.എസ്.)നമ്പർ 4/2016/തസ്വഭവ,തിയതി: 11.1.2016 ലെ ഖണ്ഡിക 11.12(V) പ്രകാരം മാലിന്യ സംസ്കരണത്തിനായി ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളുമാണ് നടപടികൾ സ്വീകരിക്കേണ്ടത്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാന്റിനു വേണ്ടി സ്ഥലം വാങ്ങൽ, പ്ലാന്റ് സ്ഥാപിക്കൽ എന്നിവക്കായി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രൊജക്ടിലേക്ക് ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണെന്നും പറയുന്നു. എന്നാൽ ഇതിനു വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്ത് പ്ലാന്റ് നിർമ്മാണം നേരിട്ട് നിർവ്വഹിച്ചു.

2. പ്രൊജക്ടിന് ശുചിത്വമിഷന്റെ സാങ്കേതികാനുമതി വാങ്ങിയിട്ടില്ല.

3. ടെണ്ടറും റീടെണ്ടറും പരാജയപ്പെട്ടതിനാൽ M/S യോങ്ങ് എന്റർപ്രൈസസ്, പാണ്ടിക്കാട്, മലപ്പുറം എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ മുഖേനയാണ് പ്രവൃത്തി ഏൽപ്പിച്ചുനൽകിയിരിക്കുന്നത്. ജി.ഒ.(എം.എസ്) 13/2015/ഐ.ടി.ഡി./12.5.15 പ്രകാരം അഞ്ചുലക്ഷത്തിന് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ നടപടികൾ പാലിക്കേണ്ടതാണ്. എന്നാൽ ഇ-ടെണ്ടർ രീതി അവലംബിച്ചിട്ടില്ല.

4. ഷ്രെഡിംഗ് യൂണിറ്റിന്റെ നിർമ്മാണം, സ്ഥാപനം എന്ന നിലയിലാണ് യോങ്ങ് എന്റർപ്രൈസസ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. ടെണ്ടർ ചെയ്യുന്നതിനു മുമ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ഷ്രെഡിംഗ് യൂണിറ്റിന്റെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത നിരക്ക് മിതമാണെന്ന് കരുതാനാവില്ല.

5. 22.11.17 ന് ഓഡിറ്റ് സംഘം നടത്തിയ സ്ഥലപരിശോധനയിൽ നിർമ്മാണം പൂർത്തിയായ ഒരു ഷെഡ് കാണപ്പെട്ടു. യന്ത്രങ്ങളൊന്നും സ്ഥാപിക്കപ്പെട്ടിട്ടില്ല. വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നു. പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മേൽ പറഞ്ഞ സാഹചര്യത്തിൽ പ്ലാസ്റ്റിക്ക്ഷ്രെഡിംഗ് യൂണിറ്റ് നിർമ്മാണത്തിനായി നടത്തിയ 1265000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 . സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം ബാലൻസ് ഷീറ്റ് B-12 ൽ 599870/- രൂപ Investment Equity Share എന്നയിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അത്തരം ഒരു നിക്ഷേപം നിലവിലില്ലാത്തതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ലഭ്യമല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 95218146 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97589848 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 111652 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9831910 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-5 | - | 86652 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-6(4) | - | 25000 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | | 111652 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(3) | 169028 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| | 25000 | ശ്രീ.വി.ജെ.ജോസഫ്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-6 | 1975000 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-7 | 174807 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-8 | 218250 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-9 | 1262455 | ശ്രീമതി.എ.സരസ്വതി, സി.ഡി.പി.ഒ |
| 3-11 | 599870 | ശ്രീമതി.എ.സരസ്വതി, സി.ഡി.പി.ഒ |
| 3-12 | 250000 | ശ്രീ.കെ.മണികണ്ഠൻ, എസ്.സി.ഡി.ഒ |
| 3-13 | 100000 | ശ്രീ.കെ.മണികണ്ഠൻ, എസ്.സി.ഡി.ഒ |
| 3-14 | 200000 | ശ്രീമതി.ഗിരിജ.ആർ ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-15 | 150000 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-20 | 3442500 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 3-21 | 1265000 | ശ്രീ.പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത്സെക്രട്ടറി |
| ആകെ | 9831910 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ 3-4, 3-6, 3-11, 3-12, 3-20, 3-21

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം |
|---|---|---|

| ഉദ്യോഗപ്പേരും | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| പി.ടി.ഉണ്ണി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജോയിന്റ് ബി.ഡി.ഒ (ആർ.എച്ച്), ചാലക്കുടി | പാടത്ത് വീട്, പൊയ്യ പി.ഒ കൊടുങ്ങല്ലൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ടി 10-66/04 /15.03.04/28.06.04 |
| 97-98 മുതൽ 2001-02വരെ(ജനകീയാസൂത്രണം) | എൽ എഫ് ടി (ബി.പി) 33/12/02.03.12 |
| 97-98, 98-99,99-2000, 2000-01, 01-02, 02-03, 03-04 | |
| 2004-05 | എൽ എഫ് ടി 21-2436/07, 27-12-08 |
| 2005-06 | എൽ.എഫ്.ടി.21-2437/07, 27-12-08/ 15.04.09 |
| 2006-07 മുതൽ 2010-11 | എൽ എഫ് ടി(ബി.പി)1659/12 തീ 15.12.12 /27.03.13 |
| 2011-12 | എൽ എഫ് ടി(ബി.പി)2138/2013 തീ 07.02.14 /14.03.14 |
| 2012-13 | എൽ എഫ് ടി(ബി.പി)1552/2014 തീ 12.01.15 /06.05.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (ബിപി)1180/15 തീയതി 12.10.15/21.10.15 |
| 2014-15 & 2015-16 | കെ.എസ്.എ.ടി.എസ്.ആർ (ബിപി1)380/17തീയതി 24.3.17 |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ